കൊല്ലം ഡിസ്ട്രിക്റ്റിലെ പാലംപണി.

* 1294. [10] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിസ്ട്രിക്റ്റിലെ പാലംപണിയിൽ എത്ര പാലം ഈ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ നടത്തുവാൻ അനുവദിച്ചിരുന്നു ;

(ബി) ഏതെങ്കിലും പാലം അനുവദിച്ചു് ഉത്തരവുണ്ടായതു നടപ്പാകാതെ നഷ്ടപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്രകാരം പണി നടക്കാതെ വന്ന പാലം എവിടെയാണു് ;

(ഡി) ഈ ഗവണ്മെൻറ വന്നതിനുശേഷം ഈ പാലത്തിനു് എത്ര ടെൻറർ വിളിച്ചു ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

(എ) ഒൻപതു പാലങ്ങളും പണിനടത്താൻ അനുവദിച്ചിട്ടുണ്ടു്.

(ബി) ഇല്ല.

(സി–ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കൃഷ്ണൻ : ഒൻപതു പാലങ്ങൾ അനുവദിച്ചതിൽ കോട്ടയം കടവു പാലം ഉൾപ്പെട്ടുന്നുണ്ടോ ; അതിൻറെ പണി സംബന്ധിച്ചു നടപടി എങ്ങനെ ഇരിക്കുന്നു ?

ശ്രീ. ടി. അബ്ദുൽ മജീദു് : ടെൻറർ വിളിച്ചിട്ടുണ്ടു്. അതു സംബന്ധിച്ചു ജോലി നടന്നുകൊണ്ടിരിക്കുകയാണു്.

ഗ്രാൻറ സഹീകരിക്കാത്ത പ്രൈവറ ഡിസ്പെൻസറികൾ.

* 1295. [13] ശ്രീമതി റോസമ്മ പുന്നൂസു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറിൽ പ്രൈവറ ഡിസ്പെൻസറികൾക്കു് ഗവണ്മെൻറ ഗ്രാൻറ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഏതെങ്കിലും പ്രൈവറ ഡിസ്പെൻസറികൾ ഗ്രാൻറ സഹീകരിക്കുന്നതല്ലെന്നു ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതുമൂലം നാട്ടുകാർക്കു സൗജന്യചികിത്സാസൗകര്യം കിട്ടാതെ ബുദ്ധിമുട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഇ) മൂന്നാറിലെ കണ്ണൻദേവൻ കമ്പനിവക ഡിസ്പെൻസറി ഗവണ്മെൻറ ഗ്രാൻറ സഹീകരിക്കുന്നതല്ലെന്നും, നാട്ടുകാരെ സൗജന്യമായി ചികിത്സിക്കുന്നതല്ലെന്നും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ) :

(എ) ഉണ്ടു്.
(ബി) ലിസ്റ്റു് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.
(സി) ഉണ്ടു്.
(ഡി) ഉണ്ടു്.
(ഇ) ഉണ്ടു്.

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly